# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 133 04.12.2018 ൽ മറുപടിയ്ക്ക്

### ബസ് ചാർജ്ജ് വർദ്ധനവ്

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ്<br>,, കെ.മുരളീധരൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, സണ്ണി ജോസഫ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഡീസൽ വില വർദ്ധനയുടെ പേരിൽ സംസ്ഥാനത്തെ ബസ് ചാർജ്ജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി) യും | സംസ്ഥാനത്തെ ബസ് യാത്ര നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് വിവിധ ബസുടമ സംഘടനകൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളും ചാർജ്ജ് വർദ്ധിപ്പിക്കേണ്ട സാഹചര്യങ്ങൾ ഉണ്ടോ എന്നും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ യാത്ര നിരക്ക് പരിഷ്കരിക്കുന്നതിനായി നിയമിച്ചിരിക്കുന്ന ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി 25.10.2018 ലെ സ.ഉ.(ആർ.ടി)നം. 480/2018/ഗതാ പ്രകാരം ഉത്തരവായിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) | ചാർജ്ജ് വർദ്ധന സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കാര്യങ്ങൾ പരിഗണിക്കുവാനാണ് കമ്മീഷനോട് ആവശ്യപ്പെട്ടത്; | | |
| (സി) | ഈ സർക്കാർ എത്ര തവണ ബസ് ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായി; ആകെ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയത്; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജി.ഒ.(പി) നം.4/2018/ട്രാൻ. തീയതി 26.02.2018 പ്രകാരം 2018 മാർച്ചിലാണ് ബസ് ചാർജ്ജ് വർദ്ധിപ്പിച്ചത്. ശരാശരി 10% വർദ്ധനവാണ് നിരക്കുകളിൽ ഉണ്ടായത്. |
| (ഡി) | ദക്ഷിണേന്ത്യയിലെ ഏറ്റവും കൂടിയ ബസ് ചാർജ്ജ് നിരക്ക് സംസ്ഥാനത്താണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | തമിഴ്നാടിനെയും, കർണ്ണാടകയെയും അപേക്ഷിച്ച് ഓർഡിനറി ബസ്സുകൾക്ക് കെ.എസ്.ആർ.ടി.സി യിൽ ചാർജ്ജ് കൂടുതലാണ്. എന്നാൽ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകളുടെ നിരക്കുകൾ കണക്കിലെടുക്കുമ്പോൾ തമിഴ്നാട് കർണ്ണാടക, എന്നീ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി.യിൽ ടിക്കറ്റ് നിരക്ക് കുറവാണ്. ശരാശരി ടിക്കറ്റ് നിരക്ക് കണക്കാക്കുമ്പോൾ കെ.എസ്.ആർ.ടി.സിയിൽ കർണ്ണാടകയും, തമിഴ്നാടും ഈടാക്കുന്ന നിരക്കിനേക്കാൾ കുറവാണ്. |
| (ഇ) | അടിക്കടിയുണ്ടാകുന്ന ബസ് ചാർജ്ജ് വർദ്ധനവ് സാധാരണക്കാരായ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാൽ ബസ് ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള തീരുമാനം പുന:പരിശോധിക്കുമോ എന്ന് അറിയിക്കാമോ? | (ഇ) | സംസ്ഥാനത്തെ ബസ് ചാർജ്ജ് വർദ്ധനവ് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ